# Readout by the Official Spokesperson on the India-China LAC Issue (24 September 2020)

September 24, 2020

---

# ഇന്ത്യ ചൈന LAC യിലെ പ്രശ്നത്തെ പറ്റി ഔദ്യോഗിക വക്താവിന്റെ റീഡ് ഔട്ട് (24 സെപ്റ്റംബർ 2020)

സെപ്റ്റംബർ 24, 2020

നിങ്ങൾക്കറിയാവുന്നതുപോലെ ഇന്ത്യയുടേയും ചൈനയുടെയും ഉന്നതതല കമ്മാണ്ടർമാരുടെ 6 മത് ഘട്ട സമ്മേളനം മോൾഡോയിൽ 2020 സെപ്തംബര് 21 നു നടന്നിരുന്നു.

സെപ്റ്റംബർ 4 ന് ഇന്ത്യയുടേയും ചൈനയുടെ പ്രതിരോധമന്ത്രിമാർ തമ്മിൽ നടന്ന സമ്മേളനത്തിന്റെയും സെപ്റ്റംബർ 10 ന് ഇരു വിഭാഗങ്ങളിലെയും വിദേശകാര്യമന്ത്രിമാർ തമ്മിൽ നടന്ന സമ്മേളനത്തിന്റെയും പശ്ചാത്തലത്തിലായിരുന്നു ഇത്. ഇരു രാജ്യങ്ങളും ചർച്ചകൾ തുടരുമെന്ന് എത്രയും പെട്ടന്ന് തന്നെ സംഘർഷമേഖലകളിൽ നിന്നും സമഗ്രമായ സൈനിക പിന്മാറ്റം നടത്തുമെന്നും ഉള്ള ഉടമ്പടിയിലാണ് വിദേശകാര്യമന്ത്രിമാർ എത്തിച്ചേർന്നിരുന്നത്.

50 ദിവസത്തെ കാലാവധിയിലാണ് ഉന്നതതല കമ്മാണ്ടർമാർ കൂടികാഴ്ചനടത്തുന്നത്.

സമ്മേളനത്തിന് ശേഷം ഇരു വിഭാഗങ്ങളും ചേർന്ന് നൽകിയ സംയുക്ത മാധ്യമ പ്രസ്താവനയും നിങ്ങൾ ഇതിനോടകം തന്നെ കണ്ടുകാണുമല്ലോ.

ഉന്നതതല കമ്മാണ്ടർമാരുടെ സമ്മേളനങ്ങൾക്കു ശേഷമുള്ള ആദ്യ സംയുക്ത മാധ്യമ പ്രസ്താവനയാണിത് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് വരെയും , ഇരു വിഭാഗങ്ങളുടെയും LAC യിൽ നിന്നും സൈനിക പിന്മാറ്റത്തിനായുള്ള പ്രതിബദ്ധതതന്നെയാണിത് പ്രതിഫലിപ്പിക്കുന്നത്. നമ്മൾ മുൻപ് സൂചിപ്പിച്ചതു പോലെ, സൈനിക പിന്മാറ്റം എന്നത്, എന്നത് LAC യിലുള്ള അതാതു വശങ്ങളിലെ സ്ഥിരമായ സ്ഥാനങ്ങളിലേക്ക് ട്രൂപ്പുകളെ പുനർ വിന്യസിക്കുക എന്ന സങ്കീർണമായ നടപടിയാണ്. ഇതിൽ ഇരു വിഭാഗങ്ങളിൽ നിന്നും പരസ്പര സമ്മതത്തോടെയും സഹകരണത്തോടെയുമുള്ള പ്രവർത്തങ്ങൾ ആവശ്യമാണ്. ഇരു വിഭാഗങ്ങളും സംഘർഷ സ്ഥാനങ്ങളിലെ പൂർണമായ പിന്മാറ്റത്തിനായി പ്രവർത്തിക്കുന്നതാണ് എങ്കിലും ഇതേ സമയത്തു തന്നെ പ്രദേശങ്ങളിൽ സ്ഥിരത നിലനിർത്തേണ്ടതും ആവശ്യമാണ്. ഉന്നതതല കമ്മാണ്ടർമാരുടെ യോഗം ഈ വസ്തുതകളെല്ലാം തന്നെ നിരീക്ഷിച്ചു.

ഉന്നതതല കമ്മാണ്ടർമാരുടെ 6 മത് സമ്മേളനം LAC യിലെ സാഹചര്യങ്ങൾ ക്രമീകരിക്കുന്നതിനായുള്ള വ്യക്തവും ഗഹനവുമായ ഉൾക്കാഴ്ചകൾ ചർച്ച ചെയ്യാനുള്ള അവസരം നൽകി. കൂടുതൽ തെറ്റായ ധാരണകളും അവബോധവും ഉണ്ടാകുന്നത് ഒഴിവാക്കാൻ പ്രദേശത്തെ ആശയവിനിമയം ശക്തിപ്പെടുത്തുമെന്നും, മുൻനിരയിലേക്ക് കൂടുതൽ സൈനികരെ നിയോഗിക്കുന്നത് നിർത്തി വയ്ക്കുമെന്നും, പ്രദേശങ്ങളിലെ

സാഹചര്യങ്ങൾ ഏകപക്ഷീയമായി മാറ്റുന്നതിൽ നിന്നും പിന്തിരിയുമെന്നും കൂടാതെ സാഹചര്യങ്ങൾ വഷളാക്കുന്നു എല്ലാ വിധ പ്രവർത്തനങ്ങളിൽ നിന്നും പിന്മാറുമെന്നും ഇരു വിഭാഗങ്ങളും തീരുമാനിച്ചിരുന്നു.

മുന്നോട്ടുള്ള വഴി, ഏകപക്ഷീയമായി നിയമപരമായ അംഗീകാരം മാറ്റുന്നതിനുള്ള ശ്രമങ്ങൾ ഉപേക്ഷിക്കുക എന്നതാണ് ,അതെ സമയം എല്ലാ സംഘർഷ മേഖലകളിലും പൂർണ്ണമായ പിന്മാറ്റം നടത്തുന്നതിനും  അതിർത്തി മേഖലകളിൽ സമാധാനവും ശാന്തതയും  പൂർണ്ണമായി പുനഃസ്ഥാപിക്കുന്നതിനായി ഇരുപക്ഷവും ചർച്ചകൾ തുടരുകായും ചെയ്യുന്നു.

ഇത്തരമൊരു സാഹചര്യത്തിൽ ഉന്നതതല കമ്മാണ്ടർമാരുടെ അടുത്ത സമ്മേളനം ഏറ്റവും അടുത്ത അവസരത്തിൽ നടത്താമെന്നും ഇരു വിഭാഗങ്ങളും തീരുമാനിച്ചു.ഇതിനു സമാന്തരമായി തന്നെ WMCC അടുത്ത യോഗവും ഉടനെ തന്നെ നടത്തുന്നതായിരിക്കും.

**ന്യൂ ഡൽഹി**
**24 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.